## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6183      08.07.2014 ൽ മറുപടിക്ക്

### പരമ്പരാഗത വ്യവസായമേഖലകളിലെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾ ഉന്നയിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗം വിളിക്കുകയുണ്ടായോ; | (എ) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് 28.01.2014 ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തൊഴിലാളി യൂണിയൻ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേർന്നിരുന്നു. |
| (ബി) പ്രസ്തുത യോഗത്തിന്റെ തീരുമാനങ്ങൾ എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) ഓരോ വ്യവസായത്തിനും വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും യൂണിയൻ നേതാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചകൾ നടത്തുവാൻ തീരുമാനിച്ചു. ഓരോ വ്യവസായ തലത്തിലുള്ള ചർച്ചകൾക്കു ശേഷം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി അന്തിമ തീരുമാനം കൈക്കൊള്ളുവാനും തീരുമാനിച്ചു. പരമ്പരാഗതവ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ജപ്തിനടപടികൾക്ക് ആറു മാസത്തേക്ക് മോറട്ടോറിയം പ്രഖ്യാപിക്കുവാനും ഖാദിതൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് ഒരു കഴി നൂൽ ഉൽപ്പാദിപ്പിക്കുന്നതിന് നിലവിലുള്ള 30 പൈസ 60 പൈസയായും നെയ്ത്തു തൊഴിലാളികൾക്ക് ഒരു കഴി നൂൽ നെയ്യുന്നതിന് 90 പൈസ 180 പൈസയായും വർദ്ധിപ്പിക്കുവാനും ഖാദി തൊഴിലാളികൾക്ക് നൽകി വരുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക മാസം തോറും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനമായി. ആഭ്യന്തര തൊണ്ടു സംഭരണത്തിന് ക്രിയാത്മകവും ഫലപ്രദവുമായ ഒരു പദ്ധതി എല്ലാവരും കൂടി ചർച്ച ചെയ്ത് കണ്ടെത്തണമെന്നും യോഗം തീരുമാനമെടുത്തിരുന്നു. |
| (സി) മേപ്പടി തീരുമാനങ്ങൾ നടപ്പായിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) പരമ്പരാഗതവ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ജപ്തിനടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ഓരോ മേഖലയിലും ഉൾപ്പെടുന്ന സാമ്പത്തിക ബാധ്യത |

പ്രത്യേകം കാണിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഖാദിതൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് ഒരു കഴി നൂൽ ഉൽപ്പാദിപ്പിക്കുന്നതിന് നിലവിലുള്ള 30 പൈസ 60 പൈസയായും നെയ്ത്തു തൊഴിലാളികൾക്ക് ഒരു കഴി നൂൽ നെയ്യുന്നതിന് 90 പൈസ 180 പൈസയായും വർദ്ധിപ്പിക്കുമെന്ന തീരുമാനവും നടപ്പാക്കുന്നതിനായി നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഖാദി തൊഴിലാളികൾക്ക് നൽകി വരുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക മാസം തോറും വിതരണം ചെയ്യുന്നതിനുള്ള തീരുമാനം നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിനു തുടർച്ചയായി കയർമേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് റവന്യൂ-കയർ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30.05.2014 ന് യോഗം ചേർന്ന് ചർച്ച നടത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

Omadeo

സെക്ഷൻ ഓഫീസർ